ഫയൽ നം : **SSG1/2/2023-TC** തിയതി : 28-02-2025

## ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
എല്ലാ ആർടി ഓഫീസർമാർ
എല്ലാ ജോയിൻറ് ആർടി ഓഫീസർമാർ

**പ്രേക്ഷകൻ**

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

**വിഷയം :-** മോട്ടോർ വാഹന വകുപ്പ് -DYRC വകുപ്പിൽ നടപ്പിലാക്കുന്നത് -മാർഗ്ഗരേഖ നൽകുന്നത് -സംബന്ധിച്ച്
സംബന്ധിച്ച്

**സൂചന :-** ഈ വിഷയം സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള വിവിധ തീരുമാനങ്ങൾ

മോട്ടോർ വാഹന വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് വാഹന സംബന്ധമായ സേവനങ്ങൾക്ക് ആർ.സി പ്രിൻറ് നൽകുന്ന രീതി 01.03.2025 മുതൽ നിർത്തലാക്കുകയും, അന്നേദിവസം മുതൽ ആർ.സി പ്രിന്റ് പൊതുജനങ്ങൾക്ക് തന്നെ പരിവാഹൻ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുവാൻ സാധിക്കുന്നതുമാണ്. പരിവാഹൻ പോർട്ടലിലെ സിറ്റിസൺ സൈഡിലെ Online Services Vehicle Related Services എന്ന മെനു വഴി Vehicle Registration number കൊടുത്തു Download Document option-ൽ Print Registration Certificate-ൽ Chassis നമ്പറിന്റെ അവസാന അഞ്ച് അക്കങ്ങൾ നൽകി validate ചെയ്തു വാഹനവുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ വരുന്ന OTP enter ചെയ്ത് RC പ്രിൻറ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ഇലക്ട്രോണിക് ആർ.സി ഡിജിലോക്കർ എം-പരിവാഹൻ എന്നിവയിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരിവാഹനിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന ആർ.സി കേന്ദ്ര ചട്ടങ്ങൾ ക്കനുസ രിച്ചിട്ടുള്ള ഫോർമാറ്റിൽ ആണ് ലഭ്യമാവുന്നത്. തുടർ സേവനങ്ങൾക്കായി അപേക്ഷിക്കുന്ന വേളയിൽ ആർ.സി പ്രിന്റ് അപ്ലോഡ് ചെയ്യുന്ന സേവനങ്ങൾക്ക് vahan സിറ്റിസൺ സൈഡിലെ നിന്നും ഡൗൺലോഡ് ചെയ്ത് എടുത്ത ആർ.സി അപ്ലോഡ് ചെയ്യേണ്ടതാണ്. അപ്ലോഡ് ചെയ്യപ്പെട്ട ആർ.സി വിവരങ്ങൾ പരിവാഹൻ പോർട്ടലിൽ വാഹൻ ഡേറ്റയിലെ അവസാനമായി ചെയ്തിരിക്കുന്ന സർവീസിന് അടിസ്ഥാനമായിരിക്കും. ആയത് പരിശോധിച്ച് തുടർ സേവനങ്ങൾ നൽകാവുന്നതാണ്.

പരിവാഹനിലൂടെ സർവീസ് നൽകപ്പെടുന്ന രജിസ്ട്രേഷൻ പ്രിന്റ് ലഭ്യമാകുന്ന സർവീസുകൾക്ക് മാത്രമേ ആർസി പ്രിന്റ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. വാഹനിലൂടെ ആദ്യമായി RC print ലഭിക്കുന്ന സേവനങ്ങൾക്ക് സ്മാർട്ട് മൂവിയിൽ നിന്നും ലഭ്യമായ സേവനത്തിന് അവസാനമായി

ലഭിച്ച ആർ.സി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പരിവാഹന സർവീസുകളിലെ പരമപ്രധാനമായ സുരക്ഷാ ഘടകം എന്നത് പരിവാഹനമായി ലിങ്ക് ചെയ്യുന്നമൊബൈൽ നമ്പർ ആയതിനാൽ മൊബൈൽ നമ്പർ അപ്ഡേഷൻ സംബന്ധിച്ച ഈ കാര്യാലയത്തിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും എന്തെങ്കിലും തരത്തിലുള്ള അനോമലിറ്റീസ് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ വിവരമറിയിച്ച് തുടർന്നുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്

HSRP fitment ഉള്ള അപേക്ഷകൾ HSRP വാഹനൽ അപ്ഡേറ്റ് ചെയ്തതിനുശേഷം മാത്രമേ ആർ.സി പ്രിൻറ് ഡൗൺലോഡഡ് ചെയ്യുവാൻ സാധിക്കുകയുള്ളൂ HSRP fitment പെന്റിംഗ് ഉള്ള അപേക്ഷകൾക്ക് HSRP അടിയന്തരമായി ഫിറ്റ് ചെയ്യേണ്ട കർശന നടപടികൾ അതാത് ആർ.ടി.ഒമാർ സ്വീകരിക്കേണ്ടതാകുന്നു.

Signed by
Manojkumar K
Date: 28-02-2025 12:00:30

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA